©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2017 നവംബർ 10<br>10th November 2017<br>1193 തുലാം 25<br>25th Thulam 1193<br>1939 കാർത്തികം 19<br>19th Karthika 1939 | നമ്പർ<br>No. 2467 |


ഫോറം നമ്പർ 7

[ചട്ടം 18 (1) കാണുക]

### 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം

നമ്പർ എ3-208/16. സ്ഥലം-1. ചൂർണ്ണിക്കര. *2017 നവംബർ 8.*

കേരള സർക്കാർ 4-12-2015-ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 649/2015/റ.വ. 9-12-2015-ലെ കേരള ഗസറ്റ് അസാധാരണ വിജ്ഞാപനം നമ്പർ 2853 പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേന്ദ്ര ആക്റ്റ് 30) 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കാക്കനാട്, കൊച്ചി മെട്രോ റെയിൽ പ്രോജക്ട് നമ്പർ-2 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

കൊച്ചി മെട്രോ റെയിൽ പ്രോജക്ട്, പൊന്നും വില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി കാക്കനാട്, കൊച്ചി മെട്രോ റെയിൽ പ്രോജക്ട് (എൽ. എ.), ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/3988/2017/S-16.

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ, പുളിഞ്ചോട് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി അധീഷണലായി ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും ;

ഇപ്പോൾ, തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേന്ദ്ര ആക്റ്റ് 30) 2013, 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു;

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ, ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ കാക്കനാട് കൊച്ചി മെട്രോ റെയിൽ പ്രോജക്ട്, നമ്പർ 2 സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപ്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്;

ടി സ്ഥലത്ത് പുളിഞ്ചോട് സ്റ്റേഷന്റെ നിർമ്മാണ ജോലികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളതിനാൽ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടില്ലാത്തതാണ്. 11-7-2017-ാം തീയതിയിലെ ജില്ലാ കളക്ടറുടെ അവലോകന യോഗത്തിൽ തീരുമാനിച്ച പ്രകാരം സി11-1272/2016-ാം നമ്പർ മിനിറ്റ്സിൽ ഉത്തരവിട്ടതനുസരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ഒഴിവാക്കി 11 (1) പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നു.

33/3988/2017/S-16.

# പട്ടിക

ജില്ല—എറണാകുളം.

താലൂക്ക്—ആലുവ. വില്ലേജ്—ചൂർണ്ണിക്കര.

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) | പൊതുആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥൻ |
|---|---|---|---|---|---|---|
| 1 | 232/3 | പുരയിടം | 0.0160 | കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ, പുളിഞ്ചോട് സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി അധീഷണലായി ഭൂമി ആവശ്യം വന്നതിനാൽ | .. | ഉദ്യോഗമണ്ഡൽ പുതിയപുര വീട്ടിൽ എം. എം. കദീജ |



(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ-2,
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്.

FORM No. 7

[*See* rule 18(1)]

NOTIFICATION

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE DISTRICT COLLECTOR UNDER SUB-SECTION (1) OF SECTION 11

No. A3-208/16. Place: 1. Choornikara *8th November, 2017.*

WHEREAS, the Government of Kerala have as per Notification No. 649/2015/RD, dated 4-12-2015 and Kerala Extraordinary Gazette Notification No. 2853 dated 9-12-2015 appointed the Special Tahsildar (LA) No. II, Kochi Metro Rail Project, Kakkanad, to perform the functions of the District Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

AND WHEREAS, the Government hereby appoint the Deputy Collector (LA), Kochi Metro Rail Project, Civil Station, Kakkanad, as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition;

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for additional land required for the construction of Pulinchodu Station for Kochi Metro Rail Project;

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

All persons interested in the said land are accordingly required to lodge before the Special Tahsildar (LA) No. II, Kochi Metro Rail Project, Kakkanad, within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/ statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected;

Kochi Metro Rail Limited has already completed the construction of Pulinchodu Station and hence the Social Impact Assessment Study is not conducted and 11 (1) notification is issued as per the decision taken by the District Collector, Ernakulam vide C11-1272/16 minutes of meeting held on 11-7-2017.

SCHEDULE

*District*—Ernakulam.

*Taluk*—Aluva. *Village*—Choornikkara.

(The extent given is approximate)

| *Sl. No.* | *Survey No.* | *Description* | *Extent in Hectares* | *Nature of public purpose* | *Reasons for displacement of affected families* | *Name of owners/ interested persons* |
|---|---|---|---|---|---|---|
| 1 | 232/3 | Dry | 0.0160 | Additional land required for the construction of Pulinchodu Station for Kochi Metro Rail Project | .. | Smt. M. M. Khadeeja, Puthiyapura Veedu, Udyogamandal |

(Sd.)

*Special Tahsildar (LA) No. II,*
*Kochi Metro Rail Project.*